# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 നവംബർ 3, ബുധനാഴ്ച

**നമ്പർ 46**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണവും, ഒന്നാം നമ്പർ അടിയന്തര ചോദ്യവും സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ലഭിച്ച അപേക്ഷകരിൽനിന്നും ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം സംസ്ഥാനത്തെ ഭവനരഹിതർക്കുള്ള ആശങ്കമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനോടൊപ്പം നിയമാനുസൃതം അർഹരായവർക്ക് വീടു വയ്ക്കാൻ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കാത്തത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. മമ്മിക്കുട്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1957/2021 (i).

(2) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ലഭ്യതക്കുറവുംമൂലം തൊഴിലാളികളും സാധാരണക്കാരും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സണ്ണി ജോസഫ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിൽ ശോചനീയാവസ്ഥയിലുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആശാവർക്കർമാരുടെ ശമ്പള പരിഷ്കരണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 3 | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വാട്ടർ അതോറിറ്റി കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കെ. ഹരീന്ദ്രൻ | പാറശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ ആരംഭിക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഒ. ആർ. കേളു | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ - വംശീയ-നാട്ടുവൈദ്യ ചികിത്സ നടത്തുന്നവരുടെ അറിവും പരിചയവും ഉപകാരപ്രദമാക്കുന്നതിന് നടപടി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ പോളിടെക്നിക്കിലെ അധ്യാപക തസ്തികകൾ | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 8 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോടിമത, വെള്ളൂരുത്തി പാലങ്ങൾ, ബോർമ്മ കവല റോഡ്, കോട്ടയം ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. പി. എ. മജീദ് | നാട്ടുകാണി - പരപ്പനങ്ങാടി പാത നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. അനൂപ് ജേക്കബ് | ഇടമലയാർ പാലം പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്ത് വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു:

(i) ചട്ടം 47 (2) പ്രകാരമുള്ള കടലാസുകൾ:

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 16 | 39 |
| 14 | 11 | 153 |
| | 13 | 151, 195, 2090 |
| | 14 | 1881 |

| 1 | 2 | 3 |
|---|---|---|
| | 15 | 104, 135, 148 |
| | 16 | 136 |
| | 18 | 149 |
| | 19 | 1742 |
| | 22 | 177, 1757, 1906, 1959, 2019, 2052, 2053, 2524 |
| 15 | 1 | 300, 328, 351 |
| | 2 | 49, 221, 1047, 1049, 1397, 1446, 1455, 1486, 1526, 1730, 1761, 3463, 3089, 3119, 3180, 3273, 4382, 4686, 4760, 4857, 4903, 4906, 4910, 4919, 4923, 4924, 4942, 4950, 4954, 4966, 4982, 5215, 5220 |
| | 3 | 392, 395, 397, 399, 427, 433, 446, 448, 472, 482, 494, 519, 530, 2070, 2071 |

(ii) ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| XIII—സാമൂഹ്യസേവനം | 2018-19 | 3 | 50, 51 |
| | 2019-20 | 4 | 50 |
| XIV—ആഭ്യന്തരകാര്യങ്ങൾ | 2018-19 | 3 | 8 |
| | 2019-20 | 4 | 8, 12 |
| | 2020 -21 | 5 | 12, 19-21, 71-138, 178, 179, 181-189 |

| 1 | 2 | 3 | 4 |
|---|---|---|---|
| II—ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21, 22 |
| XIII—സാമൂഹ്യസേവനം | 2017-18 | 2 | 3,4,6 |
| | 2019-20 | 4 | 6 |
| IV—വ്യവസായവും ധാതുക്കളും | 2018 - 19 | 3 | 49, 50 |
| | 2019-20 | 4 | 35 |
| | 2020-21 | 5 | 38, 40 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 23 |
| | 2019-20 | 4 | 28 |
| II—ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21, 22 |
| VI—വിദ്യാഭ്യാസം | 2020-21 | 5 | 26-32, 39, 45, 50, 51, 56, 57, 87-89, 92, 95 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 23-28 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 15, 16 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 1-20, 50-55 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019 - 20 | 4 | 6 |
| | 2020-21 | 5 | 9, 12, 15, 41-45, 47, 50, 51, 54-61 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 34, 38, 40, 46 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 120 |

(iii) ചട്ടം 236 (6) പ്രകാരമുള്ള കടലാസുകൾ:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ (ബി) വകുപ്പ്. (കേരള സംസ്ഥാന ഐ.ടി. മിഷൻ) |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം) | ,, |
| III—നീതിന്യായ നിർവ്വഹണം | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ്. (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ,, | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ്. (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| ,, | ,, | ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| IV—തെരഞ്ഞെടുപ്പുകൾ | ,, | ഇലക്ഷൻ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2020 -21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (എ.ഐ.എസ്.-എ) വകുപ്പ് |
| XXIII—വാർത്താ വിതരണവും പ്രചരണവും | ,, | ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് |
| XXIX—കൃഷി | ,, | കാസറഗോഡ് വികസന പാക്കേജ് |
| XLI—ഗതാഗതം | ,, | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (ഉൾനാടൻ ജലഗതാഗത വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2020 -21 (കാലതാമസ പത്രിക സഹിതം) | ഭവന നിർമ്മാണ വകുപ്പ് (ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം) |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2017-18 | കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (KRWSA) |
| X—ട്രഷറികളും അക്കൗണ്ടുകളും<br>XI—ജില്ലാ ഭരണവും പലവകയും<br>XVI—പെൻഷനും പലവകയും<br>XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും<br>XLV—പലവക വായ്പകളും മുൻകൂറുകളും<br>XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XXXVII—വ്യവസായങ്ങൾ | 2019 -20 (കാലതാമസ പത്രിക സഹിതം) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്‌മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്‌മെന്റ് കോർപ്പറേഷൻ (കിൻഫ്ര) |
| XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് |
| XXIX—കൃഷി | ,, | മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | സഹകരണ വകുപ്പ് (പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ) |
| XXXIII—മത്സ്യബന്ധനം | 2018-19 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം. | 2019-20 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | ,, | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് [വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്‌മെന്റ്, നാഷണൽ എംപ്ലോയ്‌മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്‌മെന്റ് & എംപ്ലോയ്‌മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്] |

| 1 | 2 | 3 |
|---|---|---|
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| XXXI—മൃഗസംരക്ഷണം | 2020 - 21 (കാലതാമസ പത്രിക സഹിതം) | കൃഷി (മൃഗ) സംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്) |
| XXXII—ക്ഷീരവികസനം | ,, | ക്ഷീരവികസന വകുപ്പ് |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2018-19 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു:

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

(ii) 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

(iv) 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

(vi) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ.

<u>നിയമനിർമ്മാണകാര്യം</u> :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

<u>2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. എം. വിൻസെന്റ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ശശി അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

(i) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(എൽ)-ൽ "പരമ്പരാഗതമായി" എന്നത് ഒഴിവാക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5(5)-ൽ " ഫിഷ് ലാന്റിംഗ് സെന്റർ" എന്ന വാക്കുകൾക്ക് പകരം " ഫിഷ് ലാന്റിംഗ് സെന്ററിന്റെ " എന്ന വാക്കുകൾ ചേർക്കുക.

<u>ഒൻപതാം വകുപ്പ്</u>

(i) ഖണ്ഡം 9(3)-ൽ "(i) മുതൽ (iv) വരെയും (vi) മുതൽ (viii)" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും പകരം "(i) മുതൽ (v) വരെയും (vii) മുതൽ (ix)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുകയും "പ്രസ്തുത ജില്ലയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

(ii) ഖണ്ഡം 9(4)-ൽ "(ix)-ാം " എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും അടയാളത്തിനും പകരം "(x)-ാം " എന്നീ അക്കവും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും അടയാളവും ചേർക്കുക.

(iii) ഖണ്ഡം 9(5)-ൽ "(v)-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും ബ്രാക്കറ്റിനും അടയാളത്തിനും പകരം "(vi)- ാം" എന്ന അക്കവും ചിഹ്നവും ബ്രാക്കറ്റും അടയാളവും "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കുക.

(iv) ഖണ്ഡം 9(6)-ൽ "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രാക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും ചേർക്കുക.

## പത്താം വകുപ്പ്

ഖണ്ഡം 10 (vii)-ൽ " (5)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അനുപാതത്തിൽ" എന്നീ അക്കത്തിനും വാക്കുകൾക്കും അടയാളത്തിനും ബ്രാക്കറ്റുകൾക്കും പകരം "(5)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം" എന്നീ അക്കവും വാക്കുകളും അടയാളവും ബ്രാക്കറ്റുകളും ചിഹ്നവും ചേർക്കുക.

## പതിനൊന്നാം വകുപ്പ്

(i) ഖണ്ഡം 11(1)-ൽ "പൊതുഉടമസ്ഥതയിലോ" എന്നതിന് ശേഷം "പൊതുസ്വകാര്യപങ്കാളിത്തത്തിലോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 11(1)-ൽ "സ്വകാര്യമേഖലയിലോ" എന്നതിന് ശേഷം "സഹകരണമേഖലയിലോ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 11(7) താഴെപ്പറയും പ്രകാരം മാറ്റുക.

"(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായ തീയതി മുതൽ മൂന്ന് മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതുമാണ്. "

## പന്ത്രണ്ടാം വകുപ്പ്

ഖണ്ഡം 12(i)-ൽ "രൂപവത്കരിക്കൽ" എന്നതിന് ശേഷം "മേൽനോട്ടം വഹിക്കൽ" എന്ന് ചേർക്കുക.

## പതിമൂന്നാം വകുപ്പ്

ഖണ്ഡം 13(3)-ൽ "ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "2022 ജൂൺ 30-ാം തീയതിയ്ക്കകം" എന്നീ ചിഹ്നവും വാക്കുകളും അക്കങ്ങളും അടയാളവും ചേർക്കുക.

## പതിനാലാം വകുപ്പ്

(i) ഖണ്ഡം 14(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“(1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലും അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസ് ഒടുക്കി ആയിരിക്കേണ്ടതാണ്.”

(ii) ഖണ്ഡം 14 (5) -ൽ "അപേക്ഷകനെ" എന്നതിനു ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

## പതിനഞ്ചാം വകുപ്പ്

ഖണ്ഡം 15 (1)-ൽ "യാനം," എന്ന വാക്കും ചിഹ്നവും ഒഴിവാക്കേണ്ടതും " 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ (2006-ലെ 34-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളോടൊപ്പം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും അടയാളവും ബ്രായ്ക്കറ്റുകളും ഒഴിവാക്കേണ്ടതും "മാനദണ്ഡങ്ങളും" എന്ന വാക്കിന് പകരം "മാനദണ്ഡങ്ങൾ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

## പത്തൊൻപതാം വകുപ്പ്

ഖണ്ഡം 19(2)-ൽ " അവർക്ക് താൽപര്യമുള്ള പക്ഷം" എന്ന വാക്കുകൾക്ക് ശേഷം ", അവർ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

## ഇരുപതാം വകുപ്പ്

(i) ഖണ്ഡം 20(1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) മത്സ്യം കയറ്റുമതി ചെയ്യുന്നതിന് ആവശ്യമുള്ള പക്ഷം, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലുള്ള സാക്ഷ്യപത്രം നേടാൻ യാന ഉടമയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.".

(ii) ഖണ്ഡം 20(2)-ൽ "ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ആഫീസറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

## ഇരുപത്തൊന്നാം വകുപ്പ്

(i) ഖണ്ഡം 21-ൽ മാർജിനൽ ശീർഷകത്തിൽ " മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുകയും "നിലവാരം" എന്ന വാക്കിന് പകരം "ഗുണനിലവാരം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(ii) ഖണ്ഡം 21(1)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) ഖണ്ഡം 21(2)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന ഓരോ തരം മത്സ്യത്തിന്റെയും നിലവാരം" എന്നീ വാക്കുകൾക്ക് പകരം " (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നേടുന്നതിന് മത്സ്യത്തിനുണ്ടായിരിക്കേണ്ട ഗുണനിലവാരം" എന്നീ വാക്കുകളും അക്കവും ചിഹ്നവും അടയാളവും ബ്രായ്ക്കറ്റുകളും ചേർക്കുക.

<u>മുപ്പതാം വകുപ്പ്</u>

ഖണ്ഡം 30(1)-ൽ "4" എന്ന അക്കത്തിനു മുൻപിലായി "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

(ii) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ</u>

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3- ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഒഴിവാക്കേണ്ടതാണ്.

<u>എട്ടാം വകുപ്പ്</u>

(i) ഖണ്ഡം 8(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(എൽ)-ൽ "ആക്റ്റിലെ" എന്നതിനു മുമ്പായി "ഈ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "സർക്കാരിന്റെ" എന്നതിനു മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "സർക്കാരിന്റെ" എന്നതിന് മുൻപ് "സംസ്ഥാന" എന്ന് ചേർക്കുക.

<u>പന്ത്രണ്ടാം വകുപ്പ്</u>

(i) ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(vii)-ൽ "ഓരോ പ്രാവശ്യത്തെയും ക്രമം" എന്നതിന് പകരം "ഓരോ പ്രാവശ്യത്തേയും നിയമനക്രമം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12-ൽ (i)(2) -ാം ഇനമായ "2. <u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>:" എന്നതിൽ,

(i) "വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഒറ്റ വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട മൂന്നു പേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ii) “3. <u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>:” എന്നതിൽ,-

(എ) (i)-ാം ഇനത്തിൽ, “രണ്ട് നിയമസഭാംഗങ്ങൾ” എന്നീ വാക്കുകൾക്ക് പകരം "മൂന്ന് നിയമസഭാംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ബി) (ix) -ാം ഇനത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന ഒഴിവാക്കുക.

<u>പതിനാലാം വകുപ്പ്</u>

(i) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “ബിരുദമോ” എന്നതിന് ശേഷം "ബിരുദാനന്തര ബിരുദമോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “സർവ്വകലാശാല നടത്തിയ" എന്നതിന് ശേഷം "പരീക്ഷയിൽ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന 14- ാം വകുപ്പിന്റെ (2)- ാം ഉപവകുപ്പിലെ (ക്യൂ) ഇനത്തിന് ഇനിപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

“എന്നാൽ നിശ്ചിത കാലയളവിലേയ്ക്ക് കരാർ അല്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കാവുന്നതും അവയിൽ നിയമനം നടത്താവുന്നതുമാണ്.”

(iv) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(യു)-ൽ "പ്രസിദ്ധപ്പെടുത്തുകയും" എന്നതിന് ശേഷം "പരീക്ഷകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും" എന്ന് ചേർക്കുക.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(ii)-ൽ "എല്ലാ വകുപ്പുകളുടെയും മേധാവിമാർ" എന്നതിന് പകരം "വകുപ്പുമേധാവികൾ" എന്ന് ചേർക്കുക.

(iii) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ</u>

<u>നാലാം വകുപ്പ്</u>

In Clause 4, following item shall be inserted as sub-clause (v) and the existing sub-clause (v) shall be re-lettered as sub-clause “(vi)”,-

"(v) in clause (a) of sub-section (4), the word "non-motorised", may be omitted."

(iv) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ

പീഠിക

പീഠികയിൽ "യുക്തമായിരിക്കുകയാലും" എന്നതിന് പകരം "യുക്തമായിരിക്കുകയാൽ" എന്ന് ചേർക്കുക.

രണ്ടാം വകുപ്പ്

(i) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "മത്സ്യങ്ങൾ" എന്ന വാക്കിന് പകരം "മത്സ്യം" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസ്എ)-ൽ "മാനേജ്മെ ന്റ്" എന്ന വാക്ക് വരുന്നയിടത്തെല്ലാം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

മൂന്നാം വകുപ്പ്

(i) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ൽ "മത്സ്യ സംരക്ഷണവും" എന്നതിന് പകരം "മത്സ്യസംരക്ഷണവും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (1)-ൽ "വികസനവും" എന്നതിന് ശേഷം"അനുബന്ധ പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അതിജീവനത്തിനെ" എന്നതിന് പകരം "അതിജീവനത്തിനെയോ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങളെയോ" എന്ന് ചേർക്കുക.

അഞ്ചാം വകുപ്പ്

(i) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "യന്ത്രമോ" എന്നതിന് ശേഷം "അപ്രകാരമുള്ള മറ്റ് ഉപാധികളോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "മത്സ്യബന്ധനം;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ “ഡയറക്ടർക്ക്” എന്നതിന് ശേഷം “ , ” എന്ന ചിഹ്നം ചേർക്കുക.

(iv) ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(10)-ൽ "ഊന്നിവല" എന്നതിനുപകരം "ഊന്നിവലകളോ" എന്ന് ചേർക്കുക.

(v) ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)(എ)-ൽ "ലൈസൻസിന്റെ അടിസ്ഥാനത്തിൽ" എന്നതിനുശേഷം "2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015 ലെ 4-ാം ആക്റ്റ്) പ്രകാരം" എന്ന് ചേർക്കുക.

(vi) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(സി)-ൽ "ളുമ്പുകളിലും" എന്ന വാക്കിന് പകരം "ളുമ്പുകളിൽ" എന്ന വാക്ക് ചേർക്കുക.

(vii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന 5- ാം വകുപ്പിന്റെ (11)(ഇ)- ഖണ്ഡത്തിൽ 'കൃത്രിമമായി' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(viii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ജി)-ൽ "പ്രദേശത്തെ" എന്നതിന് പകരം "പ്രദേശം" എന്ന് ചേർക്കുക.

(ix) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "മാമൂൽ പ്രകാരമുള്ള" എന്ന വാക്കിന് പകരം "പരമ്പരാഗത" എന്ന വാക്ക് ചേർക്കുക.

(x) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ജെ)-ൽ "വിഷവസ്തുക്കളോ" എന്നതിന് ശേഷം "സ്ഫോടക വസ്തുക്കളോ" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

(i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "കായലുകൾ" എന്നതിന് ശേഷം "റിസർവോയറുകൾ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1) (എ)-ൽ "സംരക്ഷണം" എന്നതിന് ശേഷം "സുസ്ഥിര വികസനം" എന്ന് ചേർക്കുക.

(iii) ഖണ്ഡം '6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4) (സി) -ൽ "തുടരാൻ" എന്നതിന് പകരം "തുടരുവാൻ" എന്ന് ചേർക്കുക.

(iv) ഖണ്ഡം '6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4)(ഡി)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

<u>ഏഴാം വകുപ്പ്</u>

(i) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(13)-ൽ "ജലാശയങ്ങളിലേക്ക്" എന്ന വാക്കിന് പകരം "ജലാശയത്തിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് '8 ബി'(ഡി)-ൽ "വനം വകുപ്പ്" എന്നതിന് പകരം "വനം-വന്യജീവി വകുപ്പ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

(iii) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി (ഡി) യിൽ "ആവിഷ്കരിക്കുകയും" എന്നതിനു ശേഷം "നിയന്ത്രിയ്ക്കുകയും" എന്ന് ചേർക്കുക.

(iv) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 <u>ബി</u> (ജെ)-ൽ "പ്രവർത്തനങ്ങൾക്കായിട്ടുള്ള" എന്ന വാക്കിന് പകരം "പ്രവർത്തനങ്ങൾക്കുവേണ്ടി" എന്ന വാക്ക് ചേർക്കുക.

<u>പത്താം വകുപ്പ്</u>

ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(1) (സി)-ൽ "അറിയിപ്പ്" എന്നതിനു മുമ്പ് "രേഖാമൂലം" എന്ന് ചേർക്കുക.

<u>പതിനഞ്ചാം വകുപ്പ്</u>

(i) ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 <u>എ</u>(2) (എ)-ൽ "ആക്റ്റിലെയോ" എന്ന വാക്കിന് മുൻപ് "ഈ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1)(ഡി)-ൽ "മത്സ്യത്തെ" എന്നതിന് ശേഷം "ജീവനോടെയോ അല്ലാതെയോ" എന്ന് ചേർക്കുക.

<u>പതിനേഴാം വകുപ്പ്</u>

(i) ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "ജലക്കൃഷിവകസനം" എന്നതിന് പകരം "ജലകൃഷിവികസനം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(എ)-ൽ "ഫിഷറീസ് വകുപ്പുമന്ത്രി" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പ് മന്ത്രി" എന്ന് ചേർക്കുക.

2021 നവംബർ 8-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.40-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings )

*Wednesday, November 3, 2021*

**No. 46**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day and short notice question No. 1 were answered orally.

*Adjournment Motion:*

After hearing the Minister for Local Self Governments, Rural Development and Excise, the Speaker withheld consent to the moving of an adjournment motion given notice of by Shri P. K. Basheer and five other Members regarding the serious situation reported to have arisen consequent on the apprehension of the homeless in the State due to the non-publication of final list of beneficiaries from the applications received under the second phase of Life Mission Project.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout)

*Calling Attention :*

1. Shri P. Mammikutty called the attention of the Minister for Revenue and Housing the necessity to solve the problems created due to the non-settling of applications for change of nature of land for legally eligible house construction purpose along with effectively implementing the Kerala Conservation of Paddy Land and Wetland Act, 2008. The Minister made a statement thereto.

KNPP. 1957/2021 (ii).

2. Shri Sunny Joseph called the attention of the Minister for Law, Industries and Coir to the necessity to solve the problems faced by the workers and common people due to the price hike and scarcity of construction materials in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. മുഹമ്മദ് മുഹസിൻ | പട്ടാമ്പിയിൽ ശോചനീയാവസ്ഥയിലുള്ള റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആശാവർക്കർമാരുടെ ശമ്പള പരിഷ്കരണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 3 | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | വാട്ടർ അതോറിറ്റി കരാർ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കെ. ഹരീന്ദ്രൻ | പാറശാലയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ ആരംഭിക്കുന്നതിന് നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. ഒ. ആർ. കേളു | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ-വംശീയ നാട്ടുവൈദ്യ ചികിത്സ നടത്തുന്നവരുടെ അറിവും പരിചയവും ഉപകാരപ്രദമാക്കുന്നതിന് നടപടി | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ പോളിടെക്നിക്കിലെ അധ്യാപക തസ്തികകൾ | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 8 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | കോടിമത, വെള്ളൂരുത്തി പാലങ്ങൾ, ബോർമ്മ കവല റോഡ്, കോട്ടയം ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. പി. എ. മജീദ് | നാട്ടുകാണി - പരപ്പനങ്ങാടി പാത നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീ. അനൂപ് ജേക്കബ് | ഇടമലയാർ പാലം പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the Table* :

The following papers were laid on the Table.

*(i) As per Rule 47 (2)* :

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 1 | 2 | 3 |
| 13 | 16 | 39 |
| 14 | 11 | 153 |
| | 13 | 151, 195, 2090 |
| | 14 | 1881 |

| 1 | 2 | 3 |
|---|---|---|
| | 15 | 104, 135, 148 |
| | 16 | 136 |
| | 18 | 149 |
| | 19 | 1742 |
| | 22 | 177, 1757, 1906, 1959, 2019, 2052, 2053, 2524 |
| 15 | 1 | 300, 328, 351 |
| | 2 | 49, 221, 1047, 1049, 1397, 1446, 1455, 1486, 1526, 1730, 1761, 3463, 3089, 3119, 3180, 3273, 4382, 4686, 4760, 4857, 4903, 4906, 4910, 4919, 4923, 4924, 4942, 4950, 4954, 4966, 4982, 5215, 5220 |
| | 3 | 392, 395, 397, 399, 427, 433, 446, 448, 472, 482, 494, 519, 530, 2070, 2071 |

*(ii) Papers as per Rule 236 (5)*:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| XIII—സാമൂഹ്യസേവനം | 2018-19 | 3 | 50, 51 |
| | 2019-20 | 4 | 50 |
| XIV—ആഭ്യന്തരകാര്യങ്ങൾ | 2018-19 | 3 | 8 |
| | 2019-20 | 4 | 8, 12 |
| | 2020 -21 | 5 | 12, 19-21, 71-138, 178, 179, 181-189 |

| 1 | 2 | 3 | 4 |
|---|---|---|---|
| II—ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21, 22 |
| XIII—സാമൂഹ്യസേവനം | 2017-18 | 2 | 3,4,6 |
| | 2019-20 | 4 | 6 |
| IV—വ്യവസായവും ധാതുക്കളും | 2018 - 19 | 3 | 49, 50 |
| | 2019-20 | 4 | 35 |
| | 2020 -21 | 5 | 38, 40 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 23 |
| | 2019-20 | 4 | 28 |
| II—ഭൂനികുതിയും ദേവസ്വവും | 2019-20 | 4 | 21,22 |
| VI—വിദ്യാഭ്യാസം | 2020-21 | 5 | 26-32, 39, 45, 50, 51, 56, 57, 87-89, 92, 95 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 23-28 |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 15, 16 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 1-20, 50-55 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019 - 20 | 4 | 6 |
| | 2020-21 | 5 | 9, 12, 15, 41-45, 47, 50, 51, 54-61 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 34, 38, 40, 46 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 120 |

*(iii) Papers as per Rule 236 (6)*:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ (ബി) വകുപ്പ്. (കേരള സംസ്ഥാന ഐ.ടി. മിഷൻ) |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം) | ,, |
| III—നീതിന്യായ നിർവ്വഹണം | ,, | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പ്. (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ,, | ശാസ്ത്ര സാങ്കേതിക വകുപ്പ് (കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ) |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2020-21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (സ്പെഷ്യൽ - ഇ) വകുപ്പ്. (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) |
| ,, | ,, | ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |
| IV—തെരഞ്ഞെടുപ്പുകൾ | ,, | ഇലക്ഷൻ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2020 -21 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (എ.ഐ.എസ്.-എ) വകുപ്പ് |
| XXIII—വാർത്താ വിതരണവും പ്രചരണവും | ,, | ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് |
| XXIX—കൃഷി | ,, | കാസറഗോഡ് വികസന പാക്കേജ് |
| XLI—ഗതാഗതം | ,, | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (ഉൾനാടൻ ജലഗതാഗത വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2020 -21 (കാലതാമസ പത്രിക സഹിതം) | ഭവന നിർമ്മാണ വകുപ്പ് (ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം) |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2017-18 | കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (KRWSA) |
| X—ട്രഷറികളും അക്കൗണ്ടുകളും<br>XI—ജില്ലാ ഭരണവും പലവകയും<br>XVI—പെൻഷനും പലവകയും<br>XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും<br>XLV—പലവക വായ്പകളും മുൻകൂറുകളും<br>XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |

| 1 | 2 | 3 |
|---|---|---|
| XXXVII—വ്യവസായങ്ങൾ | 2019 -20 (കാലതാമസ പത്രിക സഹിതം) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) |
| ,, | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) |
| XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് |
| XXIX—കൃഷി | ,, | മണ്ണുപര്യവേക്ഷണ മണ്ണുസംരക്ഷണ വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | സഹകരണ വകുപ്പ് (പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ) |
| XXXIII—മത്സ്യബന്ധനം | 2018-19 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2019-20 (കാലതാമസ പത്രിക സഹിതം) | പൊതുവിദ്യാഭ്യാസ വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | ,, | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് [വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്] |

| 1 | 2 | 3 |
|---|---|---|
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| XXXI—മൃഗസംരക്ഷണം | 2020 - 21 (കാലതാമസ പത്രിക സഹിതം) | കൃഷി (മൃഗ) സംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്) |
| XXXII—ക്ഷീരവികസനം | ,, | ക്ഷീരവികസന വകുപ്പ് |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2018-19 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് |

*Presentation of Reports:*

The following reports were presented:

(i) Report of Subject Committee-VII on The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund (Amendment) Bill, 2021.

(ii) Report of Subject Committee-VII on The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Bill, 2021.

(iii) Report of Subject Committee-VII on The Kerala Small Plantation Workers' Welfare Fund (Amendment) Bill, 2021.

(iv) Report of Subject Committee-VII on The Kerala Shops and Commercial Establishments (Amendment) Bill, 2021.

(v) Report of Subject Committee-VII on The Kerala Headload Workers' (Amendment) Bill, 2021.

(vi) The First and Second Reports of the Committee on the Welfare of Non-Resident Keralites.

*Legislative Business :*

Motion for Consideration and further stages of the following Bills as reported by the Subject Committee :

<u>The Kerala Fish Auctioning, Marketing and Maintenance of Quality Bill, 2021, The Kerala University of Fisheries and Ocean Studies (Amendment) Bill, 2021, The Kerala Marine Fishing Regulation (Amendment) Bill, 2021 and The Kerala Inland Fisheries and Aquaculture (Amendment) Bill, 2021.</u>

Shri Saji Cherian, Minister for Fisheries, Culture and Youth Affairs moved the motion that The Kerala Fish Auctioning, Marketing and Maintenance of Quality Bill, 2021, The Kerala University of Fisheries and Ocean Studies (Amendment) Bill, 2021, The Kerala Marine Fishing Regulation (Amendment) Bill, 2021 and The Kerala Inland Fisheries and Aquaculture (Amendment) Bill, 2021 as reported by the Subject Committee be taken up for consideration.

Shri Anoop Jacob, Shri Kurukkoli Moideen and Shri. M. Vincent who recorded their dissent to the Subject Committee Report spoke.

Shri M. Noushad as authorised by Shri T. I. Madhusoodanan moved an amendment to circulate The Kerala Fish Auctioning, Marketing and Maintenance of Quality Bill, 2021 for obtaining public opinion and spoke. Shri. Thiruvanchoor Radhakrishnan moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. U. Jenish Kumar as authorised by Shri A. N. Shamseer moved an amendment to circulate The Kerala University of Fisheries and Ocean Studies (Amendment) Bill, 2021 for obtaining public opinion and spoke. Shri N. Samsudheen as authorised by Shri P. Abdul Hameed moved another amendment to recommit the Bill to the same Subject Committee and spoke.

Shri V. Sasi as authorised by Shri Vazhoor Soman moved an amendment to circulate The Kerala Marine Fishing Regulation (Amendment) Bill, 2021 for obtaining public opinion and spoke. Shri P. Ubaidulla moved another amendment to recommit the Bill to the same Subject Committee and spoke.

Shri K. Babu (*Thripoonithura*) as authorised by Shri Roji M. John moved an amendment to circulate The Kerala Inland Fisheries and Aquaculture (Amendment) Bill, 2021 for obtaining public opinion and spoke. Smt. U. Prathibha moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then the Bills as reported by the Subject Committee were taken into consideration and was passed by the House with the following amendments.

(i) The Kerala Fish Auctioning, Marketing and Maintenance of Quality Bill, 2021

*Clause-2*

ഖണ്ഡം 2(എൽ)-ൽ "പരമ്പരാഗതമായി" എന്നത് ഒഴിവാക്കുക.

*Clause-5*

ഖണ്ഡം 5(5)-ൽ " ഫിഷ് ലാന്റിംഗ് സെന്റർ" എന്ന വാക്കുകൾക്ക് പകരം " ഫിഷ് ലാന്റിംഗ് സെന്ററിന്റെ " എന്ന വാക്കുകൾ ചേർക്കുക.

*Clause-9*

(i) ഖണ്ഡം 9(3)-ൽ "(i) മുതൽ (iv) വരെയും (vi) മുതൽ (viii)" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും പകരം "(i) മുതൽ (v) വരെയും (vii) മുതൽ (ix)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുകയും "പ്രസ്തുത ജില്ലയിൽ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

(ii) ഖണ്ഡം 9(4)-ൽ "(ix)-ാം " എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും അടയാളത്തിനും പകരം "(x)-ാം " എന്നീ അക്കവും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും അടയാളവും ചേർക്കുക.

(iii) ഖണ്ഡം 9(5)-ൽ "(v)-ാം" എന്ന അക്കത്തിനും ചിഹ്നത്തിനും ബ്രായ്ക്കറ്റിനും അടയാളത്തിനും പകരം "(vi)- ാം" എന്ന അക്കവും ചിഹ്നവും ബ്രായ്ക്കറ്റും അടയാളവും "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രായ്ക്കറ്റുകളും ചേർക്കുക.

(iv) ഖണ്ഡം 9(6)-ൽ "(x), (xi)" എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(xi), (xii)" എന്നീ അക്കങ്ങളും ചിഹ്നവും ബ്രായ്ക്കറ്റുകളും ചേർക്കുക.

## *Clause-10*

ഖണ്ഡം 10 (vii)-ൽ " (5)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അനുപാതത്തിൽ" എന്നീ അക്കത്തിനും വാക്കുകൾക്കും അടയാളത്തിനും ബ്രായ്ക്കറ്റുകൾക്കും പകരം "(5)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം" എന്നീ അക്കവും വാക്കുകളും അടയാളവും ബ്രായ്ക്കറ്റുകളും ചിഹ്നവും ചേർക്കുക.

## *Clause-11*

(i) ഖണ്ഡം 11(1)-ൽ "പൊതുഉടമസ്ഥതയിലോ" എന്നതിന് ശേഷം "പൊതുസ്വകാര്യപങ്കാളിത്തത്തിലോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 11(1)-ൽ "സ്വകാര്യമേഖലയിലോ" എന്നതിന് ശേഷം "സഹകരണമേഖലയിലോ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 11(7) താഴെപ്പറയും പ്രകാരം മാറ്റുക.

"(7) നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അനൗദ്യോഗിക അംഗത്തിന്റെ ഇടക്കാല ഒഴിവോ ആകസ്മിക ഒഴിവോ അപ്രകാരമുള്ള ഒഴിവുണ്ടായ തീയതി മുതൽ മൂന്ന് മാസത്തിനകം നികത്തേണ്ടതും അപ്രകാരം പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗത്തിന്റെ കാലാവധി സ്ഥാനം ഒഴിഞ്ഞ അംഗത്തിന്റെ ശേഷിക്കുന്ന കാലയളവിലേയ്ക്ക് മാത്രമായിരിക്കുന്നതുമാണ്. "

## *Clause-12*

ഖണ്ഡം 12(i)-ൽ "രൂപവത്കരിക്കൽ" എന്നതിന് ശേഷം "മേൽനോട്ടം വഹിക്കൽ" എന്ന് ചേർക്കുക.

## *Clause-13*

ഖണ്ഡം 13(3)-ൽ "ഈ ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "2022 ജൂൺ 30-ാം തീയതിയ്ക്കകം" എന്നീ ചിഹ്നവും വാക്കുകളും അക്കങ്ങളും അടയാളവും ചേർക്കുക.

*Clause-14*

(i) ഖണ്ഡം 14(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

“(1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലും അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള ഫീസ് ഒടുക്കി ആയിരിക്കേണ്ടതാണ്.”

(ii) ഖണ്ഡം 14 (5) -ൽ "അപേക്ഷകനെ" എന്നതിനു ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

*Clause-15*

ഖണ്ഡം 15 (1)-ൽ "യാനം," എന്ന വാക്കും ചിഹ്നവും ഒഴിവാക്കേണ്ടതും " 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ (2006-ലെ 34-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളോടൊപ്പം" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും അടയാളവും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതും "മാനദണ്ഡങ്ങളും" എന്ന വാക്കിന് പകരം "മാനദണ്ഡങ്ങൾ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

*Clause-19*

ഖണ്ഡം 19(2)-ൽ " അവർക്ക് താൽപര്യമുള്ള പക്ഷം" എന്ന വാക്കുകൾക്ക് ശേഷം ", അവർ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

*Clause-20*

(i) ഖണ്ഡം 20(1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) മത്സ്യം കയറ്റുമതി ചെയ്യുന്നതിന് ആവശ്യമുള്ള പക്ഷം, നിർണ്ണയിക്കപ്പെട്ട പ്രകാരത്തിലുള്ള സാക്ഷ്യപത്രം നേടാൻ യാന ഉടമയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.".

(ii) ഖണ്ഡം 20(2)-ൽ "ഓഫീസർ തസ്തികയിൽ താഴെയല്ലാത്ത" എന്നതിന് പകരം "ആഫീസറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

*Clause-21*

(i) ഖണ്ഡം 21-ൽ മാർജിനൽ ശീർഷകത്തിൽ " മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുകയും "നിലവാരം" എന്ന വാക്കിന് പകരം "ഗുണനിലവാരം" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(ii) ഖണ്ഡം 21(1)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) ഖണ്ഡം 21(2)-ൽ "മത്സ്യബന്ധനം നടത്തി ലഭിക്കുന്ന ഓരോ തരം മത്സ്യത്തിന്റെയും നിലവാരം" എന്നീ വാക്കുകൾക്ക് പകരം " (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സാക്ഷ്യപത്രം നേടുന്നതിന് മത്സ്യത്തിനുണ്ടായിരിക്കേണ്ട ഗുണനിലവാരം" എന്നീ വാക്കുകളും അക്കവും ചിഹ്നവും അടയാളവും ബ്രാക്കറ്റുകളും ചേർക്കുക.

*Clause-30*

ഖണ്ഡം 30(1)-ൽ "4" എന്ന അക്കത്തിനു മുൻപിലായി "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

(ii) <u>The Kerala University of Fisheries and Ocean Studies (Amendment) Bill, 2021</u>

*Clause-6*

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3- ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് ഒഴിവാക്കേണ്ടതാണ്.

*Clause-8*

(i) ഖണ്ഡം 8(3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(എൽ)-ൽ "ആക്റ്റിലെ" എന്നതിനു മുമ്പായി "ഈ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(ആർ)-ൽ "സർക്കാരിന്റെ" എന്നതിനു മുമ്പ് "സംസ്ഥാന" എന്ന് ചേർക്കുക.

(iii) ഖണ്ഡം 8(4) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(എസ്)-ൽ "സർക്കാരിന്റെ" എന്നതിന് മുൻപ് "സംസ്ഥാന" എന്ന് ചേർക്കുക.

*Clause-12*

(i) ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 1(vii)-ൽ "ഓരോ പ്രാവശ്യത്തെയും ക്രമം" എന്നതിന് പകരം "ഓരോ പ്രാവശ്യത്തേയും നിയമനക്രമം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 12 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12-ൽ (i)(2) -ാം ഇനമായ "2. <u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>:" എന്നതിൽ,

(i) "വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഒറ്റ വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട മൂന്നു പേർ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ii) “3. <u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>:” എന്നതിൽ,

(എ) (i) -ാം ഇനത്തിൽ, “രണ്ട് നിയമസഭാംഗങ്ങൾ" എന്നീ വാക്കുകൾക്ക് പകരം " മൂന്ന് നിയമസഭാംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(ബി) (ix) -ാം ഇനത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന ഒഴിവാക്കുക.

*Clause-14*

(i) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “ബിരുദമോ" എന്നതിന് ശേഷം "ബിരുദാനന്തര ബിരുദമോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(2)(എച്ച്)-ൽ “ സർവ്വകലാശാല നടത്തിയ" എന്നതിന് ശേഷം "പരീക്ഷയിൽ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന 14-ാം വകുപ്പിന്റെ (2)- ാം ഉപവകുപ്പിലെ (ക്യൂ) ഇനത്തിന് ഇനിപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

“എന്നാൽ നിശ്ചിത കാലയളവിലേയ്ക്ക് കരാർ അല്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കാവുന്നതും അവയിൽ നിയമനം നടത്താവുന്നതുമാണ്.”

(iv) ഖണ്ഡം 14 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (2)(യു)-ൽ "പ്രസിദ്ധപ്പെടുത്തുകയും" എന്നതിന് ശേഷം "പരീക്ഷകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും" എന്ന് ചേർക്കുക.

*Clause-25*

ഖണ്ഡം 25 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 25(4)(ii)-ൽ "എല്ലാ വകുപ്പുകളുടെയും മേധാവിമാർ" എന്നതിന് പകരം "വകുപ്പുമേധാവികൾ" എന്ന് ചേർക്കുക.

(iii) <u>The Kerala Marine Fishing Regulation (Amendment) Bill, 2021</u>

*Clause-4*

In Clause 4, following item shall be inserted as sub-clause (v) and the existing sub-clause (v) shall be re-lettered as sub-clause “(vi)”,-

"(v) in clause (a) of sub-section (4), the word "non-motorised", may be omitted."

(iv) The Kerala Inland Fisheries and Aquaculture (Amendment) Bill, 2021

പീഠിക

പീഠികയിൽ "യുക്തമായിരിക്കുകയാലും" എന്നതിന് പകരം "യുക്തമായിരിക്കുകയാൽ" എന്ന് ചേർക്കുക.

*Clause-2*

(i) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "മത്സ്യങ്ങൾ" എന്ന വാക്കിന് പകരം "മത്സ്യം" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എസ്എ)-ൽ "മാനേജ്മെ ന്റ്" എന്ന വാക്ക് വരുന്നയിടത്തെല്ലാം "മാനേജ്മെന്റ്" എന്ന് ചേർക്കുക.

*Clause- 3*

(i) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(1)-ൽ "മത്സ്യ സംരക്ഷണവും" എന്നതിന് പകരം "മത്സ്യസംരക്ഷണവും" എന്ന് ചേർക്കുക.

(ii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (1)-ൽ "വികസനവും" എന്നതിന് ശേഷം"അനുബന്ധ പ്രവർത്തനങ്ങളും" എന്ന് ചേർക്കുക.

(iii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "അതിജീവനത്തിനെ" എന്നതിന് പകരം "അതിജീവനത്തിനെയോ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങളെയോ" എന്ന് ചേർക്കുക.

*Clause-5*

(i) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(1)-ൽ "യന്ത്രമോ" എന്നതിന് ശേഷം "അപ്രകാരമുള്ള മറ്റ് ഉപാധികളോ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(ജി)-ൽ "മത്സ്യബന്ധനം;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "കൂടാതെ" എന്ന് ചേർക്കുക.

(iii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഡയറക്ടർക്ക്" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

(iv) ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(10)-ൽ "ഊന്നിവല" എന്നതിനുപകരം "ഊന്നിവലകളോ" എന്ന് ചേർക്കുക.

(v) ഖണ്ഡം 5 പ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(11)(എ)-ൽ "ലൈസൻസിന്റെ അടിസ്ഥാനത്തിൽ" എന്നതിനുശേഷം "2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015 ലെ 4-ാം ആക്റ്റ്) പ്രകാരം" എന്ന് ചേർക്കുക.

(vi) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(സി)-ൽ "ളുന്വകളിലും" എന്ന വാക്കിന് പകരം "ളുന്വകളിൽ" എന്ന വാക്ക് ചേർക്കുക.

(vii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുന്ന 5- ാം വകുപ്പിന്റെ (11)(ഇ)- ഖണ്ഡത്തിൽ 'കൃത്രിമമായി' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(viii) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ജി)-ൽ "പ്രദേശത്തെ" എന്നതിന് പകരം "പ്രദേശം" എന്ന് ചേർക്കുക.

(ix) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയിൽ "മാമൂൽ പ്രകാരമുള്ള" എന്ന വാക്കിന് പകരം "പരമ്പരാഗത" എന്ന വാക്ക് ചേർക്കുക.

(x) ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(11)(ജെ)-ൽ "വിഷവസ്തുക്കളോ" എന്നതിന് ശേഷം "സ്ഫോടക വസ്തുക്കളോ" എന്ന് ചേർക്കുക.

## *Clause-6*

(i) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6(1)-ൽ "കായലുകൾ" എന്നതിന് ശേഷം "റിസർവോയറുകൾ" എന്ന് ചേർക്കുക.

(ii) ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി(1) (എ)-ൽ "സംരക്ഷണം" എന്നതിന് ശേഷം "സുസ്ഥിര വികസനം" എന്ന് ചേർക്കുക.

(iii) ഖണ്ഡം '6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4) (സി) -ൽ "തുടരാൻ" എന്നതിന് പകരം "തുടരുവാൻ" എന്ന് ചേർക്കുക.

(iv) ഖണ്ഡം '6' പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (4)(ഡി)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

## *Clause-7*

(i) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(13)-ൽ "ജലാശയങ്ങളിലേക്ക്" എന്ന വാക്കിന് പകരം "ജലാശയത്തിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് '8 ബി'(ഡി)-ൽ "വനം വകുപ്പ്" എന്നതിന് പകരം "വനം-വന്യജീവി വകുപ്പ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

(iii) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി (ഡി) യിൽ "ആവിഷ്ക്കരിക്കുകയും" എന്നതിനു ശേഷം "നിയന്ത്രിയ്ക്കുകയും" എന്ന് ചേർക്കുക.

(iv) ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 ബി (ജെ)-ൽ "പ്രവർത്തനങ്ങൾക്കായിട്ടുള്ള" എന്ന വാക്കിന് പകരം "പ്രവർത്തനങ്ങൾക്കുവേണ്ടി" എന്ന വാക്ക് ചേർക്കുക.

## *Clause-10*

ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 14(1) (സി)-ൽ "അറിയിപ്പ്" എന്നതിനു മുമ്പ് "രേഖാമൂലം" എന്ന് ചേർക്കുക.

## *Clause-15*

(i) ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 എ(2) (എ)-ൽ "ആക്റ്റിലെയോ" എന്ന വാക്കിന് മുൻപ് "ഈ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 35 സി(1) (ഡി)-ൽ "മത്സ്യത്തെ" എന്നതിന് ശേഷം "ജീവനോടെയോ അല്ലാതെയോ" എന്ന് ചേർക്കുക.

*Clause-17*

(i) ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(1)-ൽ "ജലക്കൃഷിവകസനം" എന്നതിന് പകരം "ജലകൃഷിവികസനം" എന്ന് ചേർക്കുക.

(ii) ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 41(2)(എ)-ൽ "ഫിഷറീസ് വകുപ്പുമന്ത്രി" എന്നതിന് പകരം "മത്സ്യബന്ധന വകുപ്പ് മന്ത്രി" എന്ന് ചേർക്കുക.

The House adjourned at 5.40 p.m. to meet again at 9.00 a.m. on Monday November 8, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*